भारतीय गैर न्यायिक

भारत

पचास रुपये

रु.50

FIFTY RUPEES

Rs.50

सत्यमेव जयते

INDIA

INDIA NON JUDICIAL

കേരളം केरल KERALA

BC 506963

**ബഹു. മലപ്പുറം പാർലമെന്റ് മണ്ഡലം റിട്ടേണിംഗ് ഓഫീസർ**
**മുമ്പാകെ, കണ്ണൂർ ഇരിട്ടി പെരിങ്കരി സ്വദേശി എ.കെ.ഷാജി**
**സമർപ്പിക്കുന്ന കൗണ്ടർ അഫിഡവിറ്റ്.**

പരാതിക്കാരൻ : എ.കെ.ഷാജി, അറാക്കൽ വീട്, പെരിങ്കരി. പി.ഒ, ഇരിട്ടി (സ്വതന്ത്രസ്ഥാനാർത്ഥി മലപ്പുറം പാർലമെന്റ് മണ്ഡലം) പിൻ : 670706.

എതിർകക്ഷി : ശ്രീ.പി.കെ. കുഞ്ഞാലിക്കുട്ടി, പാണ്ടിക്കടവത്ത് വീട്, പട്ടർക്കടവ്. പി.ഒ, പാണക്കാട്, മലപ്പുറം. ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗ് സ്ഥാനാർത്ഥി, മലപ്പുറം പാർലമെന്റ് മണ്ഡലം.

23/1/17 at 14:26 hrs.

NOTARY GOVT. OF INDIA
SUKUMARAN KOYAKKEEL
JURISDICTION KANNUR DISTRICT
Reg. No. 7469
VALID UP TO 07-01-2019

Ak. Shaji

22-03-2017

SUB TREASURY ... ANUR - 670 307

SUKUMARAN KOYAKKEEL
ADVOCATE & NOTARY
Reg. No. 7469 (GOVT. OF INDIA)
PAYYANUR-KANNUR (DT.) KERALA
Mob: 9447190306
(O) 04985 204306

भारतीय गैर न्यायिक

भारत

पचास रुपये

रु.50

FIFTY RUPEES

Rs.50

सत्यमेव जयते

INDIA

INDIA NON JUDICIAL

കേരളം केरल KERALA BC 506964

## കൗണ്ടർ അഫിഡവിറ്റ്

കണ്ണൂർ ജില്ല, ഇരിട്ടി താലൂക്ക്, വിളമന വില്ലേജിൽ, പെരിങ്കരി പോസ്റ്റിൽ താമസിക്കും കുര്യാക്കോസ് മകൻ 46 വയസ്സുള്ള എ.കെ. ഷാജി സത്യം ചെയ്ത് ബോധിപ്പിക്കുന്ന കൗണ്ടർ അഫിഡവിറ്റ്.

പരാതിക്കാരൻ മേൽ അഡ്രസ്സിലെ താമസക്കാരനും മലപ്പുറം പാർലമെന്റ് മണ്ഡലം ഉപതിരഞ്ഞെടുപ്പിൽ മത്സരിക്കുന്ന സ്വതന്ത്ര സ്ഥാനാർത്ഥിയും എതിർകക്ഷി മേൽ അഡ്രസ്സിലെ താമസക്കാരനും മലപ്പുറം പാർലമെന്റ് ഉപതിരഞ്ഞെടുപ്പിൽ മത്സരിക്കുന്ന ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗ് സ്ഥാനാർത്ഥിയും ആകുന്നു.

NOTARY
SUKUMARAN KOYAKKEEL JURISDICTION KANNUR DISTRICT Reg. No. 7469 VALID UP TO 07-01-2019
GOVT. OF INDIA

AK. Shaji

SUKUMARAN KOYAKKEEL
ADVOCATE & NOTARY
Reg. No. 7469 (GOVT. OF INDIA)
PAYYANUR-KANNUR (DT.) KERALA
Mob: 9447190306
(O) 04985 204306

TREASURY
15 MAR 2017
PAYYANUR - 670 307

എതിർകക്ഷി ടി മണ്ഡലത്തിൽ മത്സരിക്കുന്നതിനായി നോമിനേഷനും Form 26 (See rule 4A) പ്രകാരം അഫിഡവിറ്റും സമർപ്പിച്ചിട്ടുള്ളതാകുന്നു. മേപ്പടി അഫിഡവിറ്റ് ബഹു. ചീഫ് ഇലക്ഷൻ ഓഫീസറുടെ വെബ് സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്തത് Doct. No.1 ആയി ഇതോടൊപ്പം ഹാജരാക്കിയിട്ടുള്ള തുമാകുന്നു.

മേപ്പടി Doct. No.1 ൽ 14 ാം പേജിൽ IV ാം ക്രമനമ്പറിലെ 6 ാം കോളത്തിൽ (Any investment on the land by way of development) Spouse ന്റെ ഭാഗം/ കോളം ബ്ലാങ്കായി വിട്ടിട്ടുള്ളതുമാകുന്നു.

എതിർകക്ഷിയുടെ ഭാര്യ രണ്ട് കോടി ~~ഇരുപത്തിഒമ്പത്~~ (തൊണ്ണൂറ്) ലക്ഷംരൂപ മുടക്കി വാങ്ങിയ കോഴിക്കോട് വെസ്റ്റ് ഹില്ലിൽ സർവ്വെ നമ്പർ 12/734 ൽ പെട്ട 9 സെന്റ് വസ്തുവിൽ റസിഡൻഷ്യൽ ബിൽഡിംഗ് ആണ് എന്ന് Doct. No.1 പരിശോധിച്ചാൽ ബോധ്യമാകുന്നതാണ്.

ഈ വിധം രണ്ട് കോടി ~~ഇരുപത്തിഒമ്പത്~~ (തൊണ്ണൂറ്) ലക്ഷംരൂപ മുടക്കി വാങ്ങിയ വസ്തുവിൽ എത്രരൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവെന്ന് മണ്ടലത്തിലെ വോട്ടർമാരും പൊതുജനങ്ങളും ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരും അറിയാതിരിക്കുന്നതിനും, ആയത് വഴി തന്റെ യഥാർത്ഥ സ്വത്ത് വിവരം തിരഞ്ഞെടുപ്പ് ഘട്ടത്തിൽ ചർച്ചയാകാതിരിക്കുന്നതിനും വേണ്ടിയാണ് എതൃകക്ഷി Doc. No.1 ൽ സ്വത്ത് വിവരങ്ങൾ പരാമർശിക്കേണ്ട കോളം ബ്ലാങ്കായി വിട്ടത് എന്ന് ബോധ്യമാകുന്നു.

കൂടാതെ Doct. No.1 ന്റെ 7 ാം പേജിൽ IX ാം ക്രമനമ്പറായി ഗ്രോസ് ടോട്ടൽ വാല്യു എന്ന കോളത്തിൽ ആശ്രിതൻ -1, ആശ്രിതൻ -2, ആശ്രിതൻ-3 എന്നീ കോളങ്ങളും ബ്ലാങ്കായി വിട്ടിട്ടുള്ളതാകുന്നു.

എതൃകക്ഷി 14 ാം നിയമസഭാ തിരഞ്ഞെടുപ്പിൽ വേങ്ങര മണ്ടലത്തിൽ നിന്നും മത്സരിച്ച് ജയിച്ച ജനപ്രതിനിധി ആകുന്നു. മേപ്പടി തിരഞ്ഞെടുപ്പിലും എതൃകക്ഷി ഭാര്യയുടെ പേരിലുള്ള സ്വത്ത് വിവരങ്ങളുടെ കോളത്തിൽ കോഴിക്കോട് വെസ്റ്റ് ഹില്ലിലെ സ്വത്തിൽ നടത്തിയ നിർമ്മാണങ്ങളെ സംബന്ധിച്ചുള്ള കോളം ബ്ലാങ്കായി വിട്ടിട്ടുള്ളതുമാകുന്നു. ഇതിൽനിന്നും

NOTARY
SUKUMARAN KOYAKKEEL
JURISDICTION KANNUR DISTRICT
Reg. No. 7469
VALID UP TO 07-01-201

Adv. Shaji

SUKUMARAN KOYAKKEEL
ADVOCATE & NOTARY
Reg. No. 7469 (GOVT. OF INDIA)

എതൃകക്ഷിയുടെ യഥാർത്ഥ സ്വത്ത് വിവരം മറച്ച് വെക്കാനുള്ള സ്വാർത്ഥ താൽപര്യം ബോധ്യമാകുന്നതാണ്. 14 ാം നിയമസഭാ തെരഞ്ഞെടുപ്പിനായി സമർപ്പിച്ച Form 26 പ്രകാരമുള്ള അഫിഡവിറ്റ് Doc. No.2ആയി ഇതോടൊപ്പം ഹാജരാക്കുന്നു.

ബഹു. സുപ്രീം കോടതിയുടെ റിട്ട് പെറ്റീഷൻ നമ്പർ 121/2008 Resurgence India V/s Election Commission of India & another എന്ന കേസിൽ പാർലമെന്റ് / നിയമസഭാ തെരഞ്ഞെടുപ്പുകളിൽ മത്സരിക്കുന്ന സ്ഥാനാർത്ഥികൾ Form 26 ൽ സമർപ്പിക്കുന്ന അഫിഡവിററിൽ എല്ലാ കോളവും പൂരിപ്പിക്കേണ്ടതാണ് എന്നും, ബാധകമല്ലാത്ത കോളങ്ങൾ NIL, Not Applicable, No known എന്നീ വാക്കുകൾ ഉപയോഗിച്ച് Fill ചെയ്യണമെന്നും അഫിഡവിറ്റിലെ ഏതാനും കോളങ്ങൾ ബ്ലാങ്കായി ഇടുന്നത് "Right to Know" യുടെ ലംഘനമാണ് എന്നും അറിയുവാനുള്ള അവകാശം ആർട്ടിക്കിൾ 19(1)(a) പ്രകാരം പൗരന് ഉറപ്പ് നൽകുന്നുവെന്നും, കോളങ്ങൾ ബ്ലാങ്കായി വിടുന്നത് RP Act 125A(i) പ്രകാരം കുറ്റകരവും ശിക്ഷാർഹവുമാണ് എന്നും, അതിനാൽ ബ്ലാങ്ക് കോളത്തോടെ സമർപ്പിക്കുന്ന നോമിനേഷൻ സ്വീകരിക്കാതെ തള്ളേണ്ട ഡ്യൂട്ടി സൂക്ഷ്മ പരിശോധനാ സമയത്ത് റിട്ടേണിംഗ് ഓഫീസറുടേതാണ് എന്നും ഉത്തരവായിട്ടുള്ളതും, ടി ഉത്തരവിന്റെ പകർപ്പ് Doc. 3 ആയി ഇതോടൊപ്പം ഹാജരാക്കിയിട്ടുള്ളതുമാകുന്നു.

ബഹു. ഇലക്ഷൻ കമ്മീഷണറുടെ ഉത്തരവ് നമ്പർ 576/3/2013 - SDR dated 30-09-2013 ൽ മേൽ ഉദ്ധരിച്ച കോടതി വിധിപ്രകാരം കോളം ബ്ലാങ്കായി സമർപ്പിക്കുന്ന നോമിനേഷനുകൾ തള്ളുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ എല്ലാ സംസ്ഥാനങ്ങളിലെയും കേന്ദ്ര ഭരണ പ്രദേശങ്ങളിലെയും ചീഫ് ഇലക്ട്രൽ ഓഫീസർമാർക്ക് നൽകപ്പെട്ടിട്ടുള്ളതും ആയത് Doc. 4 ആയി ഇതോടൊപ്പം ഹാജരാക്കിയിട്ടുള്ളതുമാകുന്നു.

ബഹു. സുപ്രീം കോടതിയുടെ സിവിൽ അപ്പീൽ നമ്പർ 1478/2015 Krishnamoorthi V/s Sivakumar & Ors ൽ മേൽ ഉദ്ധരിച്ച കോടതി വിധിയും ഇലക്ഷൻ കമ്മീഷണറുടെ ഉത്തരവും പ്രതിപാദിച്ചിട്ടുള്ളതാകുന്നു. ആയത് Doc. ആയി ഇതോടൊപ്പം ഹാജരാക്കിയിട്ടുള്ളതുമാകുന്നു.

NOTARY
SUKUMARAN KOYAKKEEL
JURISDICTION KANNUR DISTRICT
Reg. No. 7469
VALID UP TO 07-01-2019
OF INDIA

AK. Shafi Bn

SUKUMARAN KOYAKKEEL
ADVOCATE & NOTARY
Reg. No. 7469 (GOVT. OF INDIA)
PAYYANUR-KANNUR (DT.) KERALA
Mob: 9447190308

മേൽ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ എതൃകക്ഷി മലപ്പുറം പാർലമെന്റ് ഉപതെരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിനായി സമർപ്പിച്ച Form 26 പ്രകാരമുള്ള അഫിഡവിറ്റിൽ കോളം ബ്ലാങ്കായി ഇട്ടിരിക്കുന്നത് വോട്ടർമാരുടെ അറിയുവാനുള്ള അവകാശത്തിന്റെ ലംഘനവും ആർട്ടിക്കിൾ . 19(1)a യുടെ ലഘലംനവുമാകുന്നു.

എതൃകക്ഷി Doc. 1 ൽ കോളം പൂർണ്ണമായി പൂരിപ്പിക്കാതെ, ചില കോളങ്ങൾ ബ്ലാങ്കായി വിട്ടിരിക്കുന്നത് Doc. 3, 4 എന്നിവയുടെ വെളിച്ചത്തിൽ RP Act 125A(i) പ്രകാരം കുറ്റകരവും ശിക്ഷാർഹവുമാകുന്നു.

ആയതിനാൽ എതൃകക്ഷിയുടെ ഈ വിധം പ്രവൃത്തി മലപ്പുറം പാർലമെന്റ് ഉപതിരഞ്ഞെടുപ്പിനായി സമർപ്പിച്ച Form 26 അടക്കമുള്ള നോമിനേഷൻ സ്വീകരിക്കാതെ തള്ളുന്നതിന് കാരണമായിട്ടുള്ളതാകുന്നു.

ആയതിനാൽ എതൃകക്ഷിയുടെ നോമിനേഷൻ തള്ളികൊണ്ട് ഉത്തരവാകേണ്ടതാകുന്നു.

മേൽ പ്രസ്താവിച്ച കാര്യങ്ങൾ എന്റെ അറിവിലും വിശ്വാസത്തിലും സത്യവും ശരിയുമാകുന്നു.

ഇതുകൾ സത്യം.

എതിർസത്യവാങ്മൂലക്കാരൻ
AK. Shafi

Literate deponent personally known to me solemnly affirmed and signed before me on this the 22nd day of March 2017 at Payyanur.

22.3.2017

SUKUMARAN KOYAKKEEL
ADVOCATE & NOTARY
Reg. No. 7469 (GOVT. OF INDIA)
PAYYANUR-KANNUR (DT.) KERALA
Mob: 9447190306
(O) 04985 204306

NOTARY
SUKUMARAN KOYAKKEEL
JURISDICTION
KANNUR DISTRICT
Reg. No